# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 728 — 28.02.2017 - ൽ മറുപടിയ്ക്ക്

## നവകേരളീയം കുടിശ്ശിക നിവാരണം 2017

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.കെ. ബാബു<br>" കെ.ഡി. പ്രസേനൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത് കുടിശ്ശിക വരുത്തിയവർക്ക് ഇളവുകളോടെ വായ്പ തീർപ്പാക്കുന്നതിനായി നവകേരളീയം കുടിശ്ശിക നിവാരണം 2017 എന്ന പേരിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത് കുടിശ്ശിക വരുത്തിയവർക്ക് ഇളവുകളോടെ വായ്പ തീർപ്പാക്കുന്നതിനായി 'നവകേരളീയം കുടിശ്ശിക നിവാരണം 2017' എന്ന പേരിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നു. |
| ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; | (ബി) സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ വായ്പാ കുടിശ്ശിക കുറയ്ക്കുക, വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുക, സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യത്തോടെയാണ് സംസ്ഥാനത്ത് സഹകരണ മേഖലയിൽ 'നവകേരളീയം കുടിശ്ശിക നിവാരണം 2017' നടപ്പിലാക്കി വരുന്നത്. |
| സി) ഏത് കാലയളവിലുള്ള വായ്പകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) 2016 ഡിസംബർ 31 വരെ കുടിശ്ശികയായ വായ്പകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| ഡി) വായ്പ എടുത്തശേഷം മരിച്ചവരുടെ ആശ്രിതർ, മാരകരോഗം ബാധിച്ചവർ, കിടപ്പ് രോഗികൾ എന്നിവരുടെ വായ്പകൾ ഇതിന്റെ പരിധിയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെയും ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള മരണപ്പെട്ടവരുടെയും വായ്പകളും അപകടം പറ്റി ശയ്യാവലംബരായവർ, മാരക രോഗങ്ങൾ ബാധിച്ചവരുടെ കുടുംബാംഗങ്ങളായിട്ടുള്ളവർ, അവരുടെ ചികിത്സ വായ്പക്കാരന്റെ സംരക്ഷണത്തിൽ ആയിരിക്കുന്നവർ, മാതാപിതാക്കൾ മരണപ്പെടുകയും മാതാപിതാക്കൾ എടുത്ത വായ്പ തങ്ങളുടെ ബാധ്യതയായി |

.......2

നിലനിൽക്കുന്ന വിദ്യാർത്ഥികൾ/ അനാഥർ തുടങ്ങിയവരുടെ വായ്പകളും ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ